**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3459** **12-03-2025 - ൽ മറുപടിയ്ക്ക്**

**നവോഥൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ കാർഷികയോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ തരിശ് കിടക്കുന്ന സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഭൂമി കണ്ടെത്തി അവിടെ അനുയോജ്യമായ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നവോഥൻ പദ്ധതിയിലേക്ക് എത്ര കർഷകരും ഭൂവുടമകളും നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് തരിശുഭൂമിയിൽ കൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനവും കാർഷിക വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള New Agriculture Wealth Opportunities – Driving Horticulture Agri Business Networking (NAWO-DHAN) പദ്ധതിയിൽ നാളിതു വരെ കർഷകർ/കൃഷിക്കൂട്ടങ്ങൾ/ കർഷക ഉത്പാദന സംഘടനകൾ എന്നിവ ഉൾപ്പടെ ആകെ 198 പേരും 28 ഭൂവുടമകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഓപ്പൺ ഫീൽഡ് പ്രിസിഷൻ ഫാർമിംഗ് സാങ്കേതിക സമ്പ്രദായത്തിലൂടെ എത്ര തരിശ് സ്ഥലം കൃഷിയോഗ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ കീഴിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാനത്ത് 64.483 ഹെക്ടർ തരിശ്ശ് ഭൂമിയിൽ ഓപ്പൺ ഫീൽഡ് പ്രിസിഷൻ ഫാർമിംഗ് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ